HLM-0058

The Heavenly Light Ministry

എന്റെ ദൈവം സ്വർഗ്ഗസിംഹാസനം തന്നിൽ
എന്നിൽ കനിഞ്ഞെന്നെ ഓർത്തീടുന്നു
മാതാപിതാക്കളും വീടും ധനങ്ങളും
വസ്തു സുഖങ്ങളും കർത്താവത്രേ
പൈതൽ പ്രായം മുതല്ക്കിന്നേവരെയെന്നെ
പോററിപുലർത്തിയ ദൈവം മതി
ആരും സഹായമില്ലെല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിലുല്ലാസമേ
നല്ലൊരു താതൻ പിതാവില്ലാത്തോർക്കവൻ
പെററമ്മയെക്കവിഞ്ഞാർദ്രവാനും
വിധവയ്ക്കു നാഥനും സാധുവിനപ്പവും
എല്ലാവർക്കുമെല്ലാമെൻ കർത്താവത്രേ!

കരയുന്ന കാക്കയ്ക്കും വയലിലെ റോസയ്ക്കും
ഭക്ഷ്യവും ഭംഗിയും നൽകുന്നവൻ
കാട്ടിലെ മൃഗങ്ങളാററിലെ മത്സ്യങ്ങ
ളെല്ലാം സർവ്വേശനെ നോക്കീടുന്നു
കോടാകോടി ഗോളമെല്ലാം പടച്ചവ
നെല്ലാററിനും വേണ്ടതെല്ലാം നൽകി
സൃഷ്ടികൾക്കൊക്കെയുമാനന്ദദായകൻ
ദുഷ്ടന്മാർക്കേററവും ഭീതികരൻ
കല്യാണശാലയിലെന്നെ വിളിച്ചെന്റെ
സന്താപമൊക്കെയും തീർത്തിടും നാൾ
ശീഘ്രം വരുന്നെന്റെ കാന്തൻ വരുന്നെന്നി
ലുല്ലാസമായ് ബഹുകാലം വാഴാൻ!
ലോകം വെടിഞ്ഞെന്റെ സ്വർഗ്ഗീയ നാടിനെ
കാണ്മാൻ കൊതിച്ചു ഞാൻ പാർത്തീടുന്നു
അന്യൻ പരദേശി എന്നെന്റെമേലേഴു
ത്തെന്നാൽ സർവ്വസവും എന്റെതത്രേ.